"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനും മറ്റ് അത്യാവശയ ചെലവുകളും വഹിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 2235-02-103-99-10 (NP) ശീർഷകത്തിൽ നിന്നും രണ്ടാം ഗഡുവായി 40,00,000/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.321/2025/WCDD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:- 1. 30.04.2025-ലെ സ.ഉ.(സാധാ) നം.164/2025/വ.ശി.വി.വ നമ്പർ ഉത്തരവ്

2. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി-ഇൻ-ചാർജ്ജിന്റെ 02.05.2025-ലെ KSWB2/Accts/State Share/2025-26/06 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2235-02-103-99-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ആദ്യ ഗഡുവായി 15,24,000/- രൂപ (പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) പ്രസ്തുത 15,24,000/- രൂപയിൽ നിന്നും 15,16,325/- രൂപ വിനിയോഗിച്ച് ജീവനക്കാർക്ക് നൽകാൻ ബാക്കിയുണ്ടായിരുന്ന 2025 ജനുവരി മാസത്തെ 11% ശമ്പളവും ഫെബ്രുവരി മാസത്തെ ശമ്പളവും മാർച്ച് മാസത്തെ 85% ശമ്പളവും പെൻഷൻകാർക്ക് നൽകാൻ ബാക്കിയുണ്ടായിരുന്ന 2025 മാർച്ച് മാസത്തെ 50% പെൻഷനും ഏപ്രിൽ മാസത്തെ പെൻഷനും മേയ് മാസത്തെ 46% പെൻഷനും നൽകിയിട്ടുണ്ടെന്നും ബാക്കി തുകയായി അവശേഷിക്കുന്നത് 7,675/- (15,24,000-15,16,325=7675) രൂപയാണെന്നും 2024-25 വർഷത്തിൽ ലഭ്യമായ 76,20,000/- രൂപയിൽ നിന്നും അത്യാവശ്യ ചെലവുകൾ നിർവ്വഹിക്കുന്നതിനായി മാറ്റിവച്ച 1,15,598/- രൂപയും ചേർത്ത് ആകെ 1,23,273.32/- (1,15,598.32 + 7675 = 1,23,273.32) രൂപയാണ് ബോർഡിന്റെ 38891959866 എന്ന ബാങ്ക് അക്കൗണ്ടിൽ ബാക്കിയുള്ളതെന്നും പ്രസ്തുത തുക വിനിയോഗിച്ചാണ് അത്യാവശ്യ ചെലവുകൾ നിർവ്വഹിച്ചുവരുന്നതെന്നും നിലവിൽ ബോർഡ് ജീവനക്കാർക്ക് മുടക്കമുള്ള 2025 മാർച്ച് മാസത്തെ ബാക്കി 15% ശമ്പളവും ഏപ്രിൽ മാസത്തെ ശമ്പളവും പെൻഷൻകാർക്ക് മുടക്കമുള്ള 2025 മേയ് മാസത്തെ 54% പെൻഷനും നൽകുന്നതിന് മാത്രം 7,36,180/- രൂപ ആവശ്യമാണെന്നും 2025 മേയ് മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള ശമ്പളവും 2025 ജൂൺ മാസം മുതൽ 2026 മാർച്ച് മാസം വരെയുള്ള പെൻഷനും മറ്റ് അത്യാവശ്യ ചെലവുകളും വഹിക്കുന്നതിനായി ഏകദേശം 96,28,484/- രൂപ കൂടി ആവശ്യമാണെന്നും അതിലേയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ

സംസ്ഥാന ബഡ്ജറ്റിൽ 2235-02-103-99-10 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അനുവദിച്ച 76,20,000/- രൂപയിൽ ബാക്കിയുള്ള 60,96,000/- രൂപ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബോർഡ് സെക്രട്ടറി-ഇൻ-ചാർജ്ജ് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിനും മറ്റ് അത്യാവശ്യ ചെലവുകൾ വഹിക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 2235-02-103-99-10 (NP) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 76,20,000/- രൂപയിൽ നിന്നും രണ്ടാം ഗഡുവായി 40,00,000/- രൂപ (നാൽപ്പത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/ എ & ഇ)
ധനകാര്യ (വ.ശി.വ) വകുപ്പ് (ww-ww2/106/2022-FIN (2050448) )
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 15-07-2025 13:17:18